പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 250 **29-10-2026-ൽ മറുപടിയ്ക്ക്**

റോഡ് നിർമ്മാണത്തിലെ പ്രതിസന്ധി

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. കെ. കെ. വത്സരാജ്

ശ്രീ. പി. പ്രസാദ്

ശ്രീ. മുഹമ്മദ് മുഹസിൻ

ശ്രീ. ഗോവിന്ദൻ പള്ളിക്കാപ്പിൽ

മറുപടി നൽകിയ മന്ത്രി

ശ്രീ. പി. കെ. ബഷീർ

(പൊതുമരാമത്ത് വകുപ്പ് മന്ത്രി)

(എ) ദേശീയപാതകൾ ഉൾപ്പെടെയുള്ള റോഡുകളുടെ അറ്റകുറ്റപ്പണികളും പുനർനിർമാണ പ്രവർത്തനങ്ങളും നിശ്ചലമായിരിക്കുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

മറുപടി: പൊതുമരാമത്ത് നിരത്ത് വിഭാഗത്തിനു കീഴിൽ റോഡുകളുടെ അറ്റകുറ്റപ്പണികളും പുനർ നിർമ്മാണ പ്രവർത്തനങ്ങളും നിശ്ചലമായിരിക്കുന്ന സാഹചര്യമില്ല. പൊതുമരാമത്ത് ദേശീയപാത വിഭാഗത്തിന്റെ കീഴിലുള്ള പ്രവൃത്തികളിലും ടാറിന്റെ വിലവർദ്ധനവ് മൂലം പ്രവൃത്തികൾ പൂർണ്ണമായും നിർത്തിവച്ചിരിക്കുന്ന സാഹചര്യമില്ല. ദേശീയപാത അതോറിറ്റിയുടെ അധികാര പരിധിയിലുള്ള ദേശീയപാത റീച്ചുകളുടെ സംരക്ഷണം ബന്ധപ്പെട്ട ഓപ്പറേഷൻ & മെയിന്റനൻസ് കരാറുകൾ വഴിയാണ് നിർവ്വഹിക്കുന്നത്. NH -66 , NH-966 A എന്നിവയിലെ അറ്റകുറ്റപ്പണികൾ ബാധകമായ മാനദണ്ഡങ്ങൾ അനുസരിച്ച് പുരോഗമിച്ചു വരുന്നുണ്ട്. എന്നാൽ കേരളത്തിലെ കരിങ്കല്ല്/മെറ്റൽ (stone aggregates) പൂരിപ്പിക്കാനുള്ള മണ്ണ്(borrow earth) എന്നിവയുടെ പരിമിതമായ ലഭ്യത, തമിഴ്നാട്ടിൽ നിന്നുള്ള കരിങ്കല്ല് ഉൽപ്പന്നങ്ങളുടെ ഗതാഗത തടസ്സങ്ങൾ എന്നിവ NH -66, NH-85 എന്നിവയിലെ നിർമ്മാണ പ്രവർത്തികളെ ബാധിച്ചിട്ടുള്ളതായി ദേശീയപാത അതോറിറ്റി അറിയിച്ചിട്ടുണ്ട്.

(ബി) ടാർ വിലയിലെ മാറ്റത്തിന്റെ അടിസ്ഥാനത്തിൽ കരാറുകാർക്ക് പുതുക്കിയ ആശ്വാസ പാക്കേജ് നടപ്പിലാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ;

മറുപടി: പശ്ചിമേഷ്യൻ യുദ്ധത്തെ തുടർന്ന് ബിറ്റുമിന്റെ വിലയിലുണ്ടായ അസാധാരണമായ വർദ്ധനവ് കണക്കിലെടുത്ത് ദേശീയപാതകളിൽ MoRTH Circular No. NH-24028/03/2026-H dated 08/10/2026, 29/07/2026, 18/05/2026, 25/04/2026, 17/04/2026 . EPC, HAM, PBMC, STMC & Item rate പ്രവർത്തികൾക്ക് 01/04/2026 മുതൽ വില ക്രമീകരണം അനുവദിച്ചിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പ് നടപ്പിലാക്കുന്ന റോഡ് പ്രവൃത്തികൾക്ക് ബിറ്റുമിൻ വിലയിലെ വ്യത്യാസം നൽകിക്കൊണ്ട് സർക്കാർ 2/7/2026 ൽ GO (MS) No.39/2026/PWD ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. 01/04/2026-ന് മുമ്പ് ടെൻഡർ സമർപ്പിക്കാനുള്ള അവസാന തീയതി നിശ്ചയിച്ചിരുന്നതും, 01/04/2026 മുതൽ 31/08/2026 വരെയുള്ള കാലയളവിലുള്ളതുമായ പ്രവൃത്തികൾക്കാണ് ഈ ആനുകൂല്യം അനുവദിച്ചിരുന്നത്. പ്രസ്തുത ഉത്തരവ് റോഡ് പ്രവൃത്തികൾ നടപ്പിലാക്കുന്ന എല്ലാ എൻജിനീയറിങ്

വകുപ്പുകൾക്കും പൊതുമേഖലാ സ്ഥാപനങ്ങൾക്കും ബാധകമാക്കിക്കൊണ്ടും ബിറ്റുമിൻ വില വ്യത്യാസത്തിന്റെ ആനുകൂല്യം 30/04/2027 വരെ നീട്ടി നൽകിക്കൊണ്ടും 22/10/2026 ൽ GO(MS) No.141/2026/FIN പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ ബിറ്റുമിൻ വിലയിലുള്ള വർദ്ധനവ് കണക്കിലെടുത്ത് 30.07.2026-ൽ പുതുക്കിയ ബിറ്റുമിൻ നിരക്ക് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തുന്നതിനായി അംഗീകരിച്ചിട്ടുണ്ട്.

(സി) നിർമ്മാണ സാമഗ്രികളുടെ ദൗർലഭ്യവും വിലവർധനവും നിർമ്മാണ മേഖലയുടെ നിശ്ചലാവസ്ഥയ്ക്ക് കാരണമാകുന്ന സാഹചര്യത്തിൽ അന്യസംസ്ഥാനങ്ങളിൽ നിന്നും നിർമാണ വസ്തുക്കൾ കൊണ്ടുവരുന്ന കാര്യം പരിഗണിക്കുമോ; വിശദമാക്കുമോ;

മറുപടി: നിലവിൽ നിർമ്മാണ സാമഗ്രികളുടെ ദൗർലഭ്യവും അന്യസംസ്ഥാനങ്ങളിൽ നിന്ന് നിർമ്മാണ വസ്തുക്കൾ ലഭ്യമാക്കുന്നതിനുള്ള തടസ്സവും കാരണം നിർമ്മാണ പ്രവൃത്തികളുടെ പുരോഗതിയിൽ കാലതാമസമുണ്ടാകുന്നുണ്ട് . എന്നാൽ തമിഴ് നാട് സർക്കാർ 9/7/2026 ൽ പുറത്തിറക്കിയ വിജ്ഞാപനം പ്രകാരം കരിങ്കല്ല്, എംസാന്റ് ഉൾപ്പെടെയുള്ള നിർമ്മാണ സാമഗ്രികൾക്ക് താൽക്കാലിക നിരോധനം ഏർപ്പടുത്തിയതിന്റെ ഭാഗമായി ഖനന മേഖലയിലെ പ്രശ്നങ്ങൾ പരിഹരിച്ച് ആവശ്യമായ അസംസ്കൃത വസ്തുകൾ ലഭ്യമാക്കുന്നതിനായി വകുപ്പ് തലത്തിലും 29/07/2026 ൽ ബഹു .മുഖ്യമന്ത്രി തലത്തിലും ചർച്ചകൾ നടത്തി അതിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ നടപടികൾ സ്വീകരിക്കുവാൻ മൈനിങ്ങ് & ജിയോളജി ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രസ്തുത നിരോധനം പിൻവലിക്കണമെന്ന് ആവശ്യപ്പെട്ടു കൊണ്ട് ബഹു. മുഖ്യമന്ത്രി തമിഴ്നാട് മുഖ്യമന്ത്രിക്ക് കത്ത് നൽകിയിട്ടുണ്ട്. ദേശീയപാത 66 ന്റെ നിർമ്മാണ പുരോഗതി വിലയിരുത്തുന്നതിനായി ബഹു. മുഖ്യമന്ത്രിയും പൊതുമരാമത്തു വകുപ്പ് മന്ത്രിയും വിളിച്ചു ചേർത്ത യോഗ തീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ, കേരളത്തിൽ നടന്നുകൊണ്ടിരിക്കുന്ന ദേശീയപാത പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനായി തമിഴ്നാട്ടിൽ നിന്ന് കേരളത്തിലേക്ക് കരിങ്കല്ല്/മെറ്റൽ (Stone Aggregates) ന്റെ തടസ്സമില്ലാതെയുള്ള അന്തർ സംസ്ഥാന ഗതാഗതം ഉറപ്പാക്കുന്നതിന് നിലവിലെ റഗുലേറ്ററി ചട്ടക്കൂടിനുള്ളിൽ നിന്ന് സാധ്യമായ രീതിയിൽ ഉചിതമായ ഇളവുകളോ ഭരണപരമായ നടപടികളോ സ്വീകരിക്കണമെന്ന് അഭ്യർത്ഥിച്ചു കൊണ്ട് തമിഴ്നാട് ചീഫ് സെക്രട്ടറിക്കും കത്ത് നൽകിയിട്ടുണ്ട്. ഇക്കാര്യത്തിൽ അനുകൂലമായ തീരുമാനത്തിന് കാത്തിരിക്കുകയാണ്.

(ഡി) വലിയ അളവിൽ നിർമാണസാമഗ്രികൾ ആവശ്യമായി വരുന്ന വൻകിട പദ്ധതികൾക്ക് വേണ്ടി നിർമ്മാണ വസ്തുക്കൾ ലഭ്യമാകുന്ന രാജ്യങ്ങളിൽ നിന്ന് പാറയും പാറ ഉൽപ്പന്നങ്ങളും കോൺക്രീറ്റ് മിക്സുകളും ഇറക്കുമതി ചെയ്യുന്നതിനുള്ള സാധ്യത പരിശോധിക്കുമോ; വിശദമാക്കുമോ?

മറുപടി: വിഷയം നിലവിൽ സർക്കാർ പരിശോധിച്ചിട്ടില്ല.

സെക്ഷൻ ഓഫീസർ